# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 595 — 29-06-2015-ൽ മറുപടിക്ക്

### സ്റ്റാർട്ട് അപ് വില്ലേജ് ഉൾപ്പെടെയുള്ള സംരംഭക പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.പി.അബ്ദുള്ളക്കുട്ടി<br>ശ്രീ. പി.എ.മാധവൻ<br>ശ്രീ. ടി.എൻ.പ്രതാപൻ<br>ശ്രീ. ആർ.സെൽവരാജ് | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) |
| **(എ)** സ്റ്റാർട്ട് അപ് വില്ലേജ് ഉൾപ്പെടെയുള്ള സംരംഭക പദ്ധതികളുടെ രൂപീകരണത്തിന് മിഷൻ 676-ൽ ഉൾപ്പെടുത്തിയിട്ടുള്ള കാര്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ; | **(എ)** സംസ്ഥാന സർക്കാർ പുറത്തിറക്കിയ മിഷൻ 676-ൽ നവരത്ന വിഭാഗത്തിലാണ് വിദ്യാർത്ഥി യുവജന സംരംഭക പദ്ധതികൾ ഉൾപ്പെടുത്തിയിരുന്നത്. വിദ്യാർത്ഥികളെയും യുവാക്കളെയും സംരംഭകരാക്കാനുള്ള ഈ പദ്ധതിയിൽ രണ്ട് വർഷം കൊണ്ട് ഇരുനൂറിലധികം സ്റ്റാർട്ടപ്പുകൾക്ക് തുടക്കമായി. ദേശീയതലത്തിൽ തന്നെ ശ്രദ്ധിക്കപ്പെട്ട സംരംഭമായി ഇതു മാറി. വിദ്യാർത്ഥി സംരംഭകർക്ക് 20% ഹാജർ ഇളവ്, 4% ഗ്രേസ് മാർക്ക്, ബജറ്റിന്റെ ഒരു ശതമാനം തുടങ്ങിയ ആനുകൂല്യങ്ങൾ പ്രഖ്യാപിച്ചു. അഞ്ചു വിദ്യാർത്ഥികൾക്ക് സിലിക്കൺവാലി സന്ദർശിക്കാൻ അവസരമൊരുക്കി. അവിടം സന്ദർശിക്കുന്ന വിദ്യാർത്ഥി സംരംഭകർക്ക് സൗകര്യമൊരുക്കാൻ സിലിക്കൺവാലി ലാൻഡിംഗ് പാഡ് തുറക്കും. വിദ്യാർത്ഥിനി സംരംഭകർക്ക് 5% ഗ്രേസ് മാർക്ക് നല്കി കൂടുതൽ പ്രോത്സാഹനം നൽകും. എഞ്ചിനീയറിംഗ് ഇതര വിദ്യാർത്ഥികൾക്കും പ്രത്യേക പരിഗണന നല്കുന്നതാണ്. രാജ്യത്തെ നമ്പർ വൺ സ്റ്റാർട്ടപ്പ് കേന്ദ്രമാക്കി കേരളത്തെ മാറ്റുകയാണ് ലക്ഷ്യം. |
| **(ബി)** ഇതിനായി ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ; | **(ബി)** കേരളത്തിലെ വിദ്യാർത്ഥി സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനും അവർക്ക് വേണ്ട സഹായങ്ങൾ നൽകുന്നതിനുമായി |

2011-ൽ സംസ്ഥാന സർക്കാർ സ്റ്റുഡന്റ് എൻട്രപ്രണർഷിപ്പ് പോളിസി പുറത്തിറക്കുകയുണ്ടായി. പ്രസ്തുത പോളിസിയെ അടിസ്ഥാനമാക്കി വിദ്യാർത്ഥി / യുവസംരംഭകരുടെ സംരംഭകത്വ ആശയങ്ങളെ യാഥാർത്ഥ്യമാക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളും പ്രോത്സാഹനങ്ങളും നൽകുക എന്ന ഉദ്ദേശത്തോടു കൂടിയാണ് 2014 സെപ്റ്റംബർ 12-ാം തീയതി യുവ സംരംഭക സംഗമം സംഘടിപ്പിച്ചത്. കേരളത്തിന്റെ വിവിധ മേഖലകളിൽ വിജയം കൈവരിച്ചിട്ടുള്ള സംരംഭകരും, യുവ സംരംഭകരും അവരുടെ അനുഭവങ്ങൾ പ്രസ്തുത സംഗമത്തിൽ പങ്കുവച്ചു. പല മേഖലകളിലുള്ള സംരംഭകത്വ ആശയങ്ങളുമായി സംസ്ഥാനത്തിലെ വിവിധ കോളേജുകളിൽ നിന്നുള്ള വിദ്യാർത്ഥികളുൾപ്പെടെ, ഏകദേശം 4000 ത്തോളം യുവതി യുവാക്കളാണ് യുവസംരംഭ സംഗമത്തിൽ പങ്കെടുത്തത്.

2014 സെപ്റ്റംബർ 12-ാം തീയതി കൊച്ചിയിൽ വച്ച് നടത്തിയ 'യുവ സംരംഭക സംഗമത്തിന്റെ' ഉദ്ദേശ ലക്ഷ്യങ്ങൾ ചുവടെ കൊടുക്കുന്നു.

- യുവസംരംഭകരുടെ സംരംഭകത്വ ആശയങ്ങൾക്ക് ആവശ്യമായ പ്രചോദനം നൽകുക
- യുവതലമുറയെ തൊഴിൽ അന്വേഷകരിൽ നിന്നും തൊഴിൽ ദാതാക്കളാക്കി മാറ്റുക
- യുവസംരംഭകരുടെ സംരംഭകത്വ ആശയങ്ങൾ സാക്ഷാത്കരിക്കുന്നതിന് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നല്കുക
- കേരളത്തെ യുവസംരംഭകരുടെ സംരംഭകത്വ കേന്ദ്രമാക്കി മാറ്റുക
- സംരംഭകരുടെ നൂതന ആശയങ്ങളുടെ പ്രദർശനത്തിനായുള്ള വേദിയൊരുക്കുക

യുവ സംരംഭക സംഗമത്തിൽ പങ്കെടുത്ത യുവസംരംഭകർ മുന്നോട്ട് വച്ച അടിസ്ഥാന ആവശ്യങ്ങൾ ഇൻക്യുബേഷൻ സ്പേസ്, മെന്ററിംഗ്, ആശയങ്ങൾ സമർപ്പിക്കുന്നതിനുള്ള അവസരം, സാമ്പത്തിക സഹായം എന്നിവയാണ് . മേൽ പറഞ്ഞ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

- സാമ്പത്തിക സഹായം യുവ സംരംഭകർക്ക് ആവശ്യമായ സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനായി കെ.എസ്.ഐ.ഡി.സിയും, കെ.എഫ്.സി.യും സംയുക്തമായി ഒരു ധനകാര്യ സ്കീം ആരംഭിക്കാൻ തീരുമാനമായിട്ടുണ്ട്. വിദ്യാർത്ഥി / യുവസംരംഭകരിൽ നിന്നും അവരുടെ നൂതന ആശയങ്ങൾ സമാഹരിക്കുകയുണ്ടായി. ഇതിന്റെ ഭാഗമായി ഏകദേശം എഴുപതോളം ആശയങ്ങളാണ് കെ.എസ്.ഐ.ഡി.സി.യിൽ ലഭിച്ചത്. ഇവയിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട നാലു നൂതന ആശയങ്ങൾക്ക് 25.00 ലക്ഷം രൂപ വീതം ധനസഹായം നൽകുകയുണ്ടായി. കൂടുതൽ വിദ്യാർത്ഥി / യുവ സംരംഭകരുടെ നൂതന ആശയങ്ങൾക്ക് സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു .

- മെന്ററിംഗ് - ആവശ്യമായ മെന്ററിംഗ് നൽകുന്നതിലേയ്ക്കായി കെ.എസ്.ഐ.ഡി.സി.യും. ടൈ. സി.ഐ.ഐ എന്നീ ഏജൻസികളുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് ഒട്ടാകെയുള്ള എഞ്ചിനീയറിംഗ് ഇതര കോളേജ് വിദ്യാർത്ഥികളിൽ സംരംഭകത്വ ആഭിമുഖ്യം വളർത്തി എടുക്കുന്നതിനായി ശില്പശാലകളും, സെമിനാറുകളും സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. കേരള

പോലീസുമായി സഹകരിച്ച് തിരഞ്ഞെടുക്കപ്പെട്ട സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾക്ക് സംരംഭകത്വത്തിൽ അവബോധവും പരിശീലനവും നല്കുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു.

- ഇൻക്യുബേഷൻ സ്പേസ്/ സ്കിൽ ഡവലപ്മെന്റ് സെന്റർ യുവസംരംഭകർക്കായി എറണാകുളം ജില്ലയിൽ കെ.എസ്.ഐ.ഡി.സിയുടെ ഇൻക്യുബേഷൻ സെന്റർ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. കെ.എസ്.ഐ.ഡി.സി.യുടെ ആഭിമുഖ്യത്തിൽ എരുമേലി എം.ഇ.എസ് കോളേജിൽ ഒരു സ്കിൽ ഡവലപ്മെന്റ് സെന്ററും, ചങ്ങനാശ്ശേരി അസംപ്ഷൻ കോളേജിൽ ഇൻകുബേഷൻ സെന്ററും പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. ഇൻകുബേഷൻ സെന്റർ പ്രവർത്തനസജ്ജമാക്കുന്നതിന് കെ.എസ്.ഐ.ഡി.സി.യിൽ നിന്നും സഹായം അഭ്യർത്ഥിച്ചിട്ടുള്ള നോൺ ഐ.റ്റി വിഭാഗത്തിൽപ്പെട്ട കോളേജുകൾക്ക് ആവശ്യമായ സഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

**(സി)** പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനും നടപ്പാക്കുന്നതിനും ഭരണതലത്തിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ ?

**(സി)** സർക്കാർ തലത്തിൽ, ഈ പദ്ധതിയുടെ പുരോഗതി അവലോകനത്തിലൂടെയും മേൽനോട്ടത്തിലൂടെയും വിലയിരുത്തി സമയബന്ധിതമായി നടപ്പാക്കുന്നതാണ്.

സെക്ഷൻ ഓഫീസർ